**ശ്രദ്ധക്ഷണിക്കൽ**

1. കിനാലൂരിൽ എയിംസ് അനുവദിക്കുന്നതിന് സ്ഥലമേറ്റെടുക്കൽ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, രാജ്യത്തെ ഉന്നതനിലവാരമുള്ള ചികിത്സയും പഠനഗവേഷണവും പ്രദാനം ചെയ്യുന്ന ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എയിംസ്) ഇതുവരെ അനുവദിക്കാതെ കേന്ദ്ര സർക്കാർ കേരളത്തിനോട് വിവേചനം കാണിക്കുകയാണ്. എയിംസ് സ്ഥാപിക്കുന്നതിനുള്ള എല്ലാവിധ സൗകര്യങ്ങളും സംസ്ഥാന സർക്കാർ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) ഉടമസ്ഥതയിലുള്ള 151 ഏക്കർ സ്ഥലം ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം കിനാലൂരിലെ ഭൂമിയുടെ ഫീസിബിലിറ്റി പരിശോധിക്കുവാൻ ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, സൂപ്രണ്ട്, കെ.എസ്.ഐ.ഡി.സി.

എം.ഡി, വ്യവസായ വകുപ്പ് സെക്രട്ടറി എന്നിവർ കിനാലൂരിലെ സ്ഥലം സന്ദർശിക്കുകയും പരിശോധന നടത്തി ആവശ്യമായ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് സ്ഥലം സന്ദർശിച്ച് എയിംസ് സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമെന്നുള്ള നിലയിൽ കിനാലൂരിനെ പ്രഖ്യാപിക്കുകയും ചെയ്തു. നിലവിൽ കണ്ടെത്തിയ ഭൂമിയേക്കാൾ അധികമായി ഭൂമി ആവശ്യമായി വരികയാണെങ്കിൽ സ്വകാര്യ വ്യക്തികളിൽനിന്നും അനുബന്ധ പ്രദേശങ്ങളിൽനിന്നും നൂറ് ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടിയും നേരത്തെ ആരംഭിച്ചിട്ടുണ്ട്. അതിന്റെ അന്തിമഘട്ടത്തിലാണിപ്പോൾ. 193 കുടുംബങ്ങളുടെയും ഒരു അമ്പലത്തിന്റെയും ഒരു മസ്ജിദിന്റെയും ഒരു കുടുംബാരോഗ്യകേന്ദ്രത്തിന്റെയും സ്ഥലമാണ് ഇപ്പോൾ എയിംസിനായി അധികമായി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. അതിനായി എല്ലാവിധ പ്രാരംഭ നടപടികളും സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടും കേരളത്തിന് എയിംസ് അനുവദിക്കുന്നില്ല എന്ന വിവേചനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. എല്ലാവിധ അനുബന്ധ സൗകര്യങ്ങളും പ്രദാനം ചെയ്യാൻ കഴിയുന്ന സ്ഥലമെന്ന

നിലയിൽ കിനാലൂരിൽ എയിംസ് സ്ഥാപിക്കണമെന്നുള്ള വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം കേരളത്തിന്റെ പൊതുവായ ശക്തമായ ആവശ്യമാണ്. കേരളത്തിന് ഒരു എയിംസ് ആവശ്യമാണെന്നത് എത്രയോ വർഷങ്ങളായി നാം വളരെ ശക്തമായി കേന്ദ്ര സർക്കാരുകളോട് ഉന്നയിക്കുന്ന വിഷയമാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം എയിംസ് സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയ വിവരം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ ഔദ്യോഗികമായി രേഖാമൂലം അറിയിച്ചിട്ടുണ്ട്. മാനദണ്ഡപ്രകാരം എയിംസ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം എത്രയാണോ അത്രയും സ്ഥലവും, വേണമെങ്കിൽ അതിലധികവും ഏറ്റെടുക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ കാലഘട്ടത്തിലും ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കാണുകയും ഇക്കാര്യങ്ങൾ ആവശ്യപ്പെടുകയും

ചെയ്തിരുന്നു. അതുപോലെ കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ കാലയളവിലും ഇക്കാലയളവിലുമുള്ള ആരോഗ്യ വകുപ്പുമന്ത്രിമാരെ നേരിൽകണ്ട് ഞാനും ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവുമൊടുവിൽ, 17-09-2024-ന് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ നേരിൽകണ്ട വേളയിൽ ഈ ആവശ്യം വീണ്ടും ഉന്നയിക്കുകയും എയിംസിനായി കേന്ദ്രം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളും കിനാലൂരിലുണ്ട് എന്നുള്ളത് സൂചിപ്പിച്ച് നിവേദനം സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നിവേദനം കേന്ദ്ര ആരോഗ്യ മന്ത്രാലയം പരിശോധിച്ച് ധനമന്ത്രാലയത്തിന് കൈമാറിയെന്നുള്ളതാണ് കഴിഞ്ഞ കേന്ദ്ര സർക്കാരിന്റെ കാലയളവിൽ ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന് നൽകിയ മറുപടി. ആയതിനാൽ കേരളത്തിന് എയിംസ് ലഭിക്കുമെന്നുള്ള പ്രതീക്ഷതന്നെയാണുള്ളത്. അതിനുവേണ്ടിയുള്ള ശക്തമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഗവേഷണ സാധ്യതകൾ പല മേഖലകളിലും വളരെയധികമുള്ള ഒരു സ്ഥലമെന്ന നിലയിൽ കേരളത്തിലെ

ആരോഗ്യ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങളുടെ അനന്തമായ സാധ്യതകളുടെ പ്രധാന്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീമതി വീണാ ജോർജ്: സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. കാരണം കേരളത്തെപ്പോലെ ആരോഗ്യ രംഗത്ത് ഗവേഷണ സാധ്യതകളുള്ള മറ്റൊരു സംസ്ഥാനം നമ്മുടെ രാജ്യത്തുതന്നെ ഇല്ല എന്നുള്ളത് നാം കാണേണ്ടതാണ്. മോഡേൺ മെഡിസിനൊപ്പം കേരളത്തിന്റെ ആയുർവേദ മേഖലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഇന്റഗ്രേറ്റഡ് റിസർച്ച് സെന്ററായി എയിംസിനെ വികസിപ്പിക്കാനാണ് നാം ലക്ഷ്യമിടുന്നത്. ഇതിന് അനുകൂലമായ നിലപാടാണ് കേന്ദ്രത്തിനുള്ളതെന്ന് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി കഴിഞ്ഞ കൂടിക്കാഴ്ചയിലും അറിയിക്കുകയുണ്ടായി. ഇത് ഫലപ്രാപ്തിയിലെത്തുമെന്നുതന്നെയാണ് പ്രതീക്ഷ. പല സംസ്ഥാനങ്ങൾക്കും രണ്ട് എയിംസ് നൽകിയപ്പോൾ കേരളത്തിന് ഒരു എയിംസ് എന്നുള്ളത് തീർച്ചയായും നമ്മുടെ അവകാശമാണ്. അതിനുവേണ്ടി തുടർന്നും ഇടപെടലുകൾ നടത്തുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച

ഗവേഷണത്തിന്റെ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും അനിവാര്യമാണെന്നുള്ളത് ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്.

## 2. ജനവാസകേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കൽ

ശ്രീ. സണ്ണി ജോസഫ്: സർ, കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ നടപടികൾ വന്നതിനുശേഷം കേരളത്തിലെ 123 വില്ലേജുകളെ ജനവാസകേന്ദ്രങ്ങളുൾപ്പെടെ പൂർണ്ണമായും ഇ.എസ്.എ. (ഇക്കോ സെൻസിറ്റീവ് ഏരിയ)-യിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ വന്നിരുന്നു. അതിനെതിരായി കേരളത്തിലെ ജനങ്ങളുടെ സമരങ്ങളുണ്ടായി. അതിനെത്തുടർന്ന് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി പഠനം നടത്തി 123 സ്ഥലങ്ങൾ സന്ദർശിച്ച് ജനവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് കേരളത്തിന്റെ നിർദേശങ്ങൾ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും അത് കേന്ദ്രം അംഗീകരിച്ചുകൊണ്ട് നിരവധി കരട് നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അതുപ്രകാരം കേരളത്തിന്റെ ഇ.എസ്.എ. എന്നുപറയുന്നത് കേരള സ്റ്റേറ്റ് ബയോ

ഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, Eco sensitive area proposed by the State Government are available on the website of the Kerala State Biodiversity Board. എന്നാൽ 2014-ൽ നോട്ടിഫിക്കേഷൻ കരടായി വന്ന് പത്ത് കൊല്ലത്തിനുശേഷം ഇപ്പോഴും കേരളത്തിൽ ഇക്കാര്യത്തിൽ അവ്യക്തതകൾ നിലനിൽക്കുകയാണ്. കർഷകരുൾപ്പെടെ ഈ മേഖലയിൽ താമസിക്കുന്നവർ ഇപ്പോഴും വലിയ ആശങ്കയിലാണ്. 2024 ജൂലൈ 31-ന് വീണ്ടും കരട് നോട്ടിഫിക്കേഷൻ വന്നു. ആ കരട് നോട്ടിഫിക്കേഷനിൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കേണ്ടതിന് 60 ദിവസമായിരുന്നു സമയം പറഞ്ഞിരുന്നത്. അതിനുള്ളിൽ കേരള ഗവൺമെന്റ് കേരളത്തിന്റെ ജനവാസമേഖലകളെ പൂർണമായും ഒഴിവാക്കുന്നതിനുള്ള വ്യക്തമായ നിർദേശങ്ങൾ സമർപ്പിക്കുകയോ ബയോ ഡൈവേഴ്സിറ്റി ബോർഡിൽ അതിനെ സംബന്ധിച്ച് വ്യക്തതയുള്ള മാപ്പ് പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. മറിച്ച്, കേരളത്തിന്റെ പരിസ്ഥിതി വകുപ്പിന്റെ വെബ്സൈറ്റിലാണ് കേരളം മാപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആ പ്രസിദ്ധീകരിച്ച മാപ്പിൽത്തന്നെ ജനവാസ

മേഖലകളും നിരവധി സ്ഥലങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അതിനെ സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പ് പഞ്ചായത്തുകളുടെ അഭിപ്രായങ്ങൾ ചോദിക്കുകയും ബന്ധപ്പെട്ട പഞ്ചായത്തുകളെല്ലാം സ്ഥലപരിശോധന നടത്തി ജനവാസ മേഖലകളെ പൂർണമായി ഒഴിവാക്കിക്കൊണ്ടുള്ള മാപ്പും നിർദേശങ്ങളും സമർപ്പിക്കുകയും ചെയ്തു. അത് സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് വെബ്സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയത്തിന് കേരളത്തിന്റെ നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. 13108 ചതുരശ്ര കിലോമീറ്ററാണ് ആദ്യം ഉൾപ്പെട്ട് വരുന്നതെങ്കിൽ, ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം അതിൽനിന്ന് 3114 ചതുരശ്ര കിലോമീറ്റർ സ്ഥലം അതിൽ കൃഷി സ്ഥലങ്ങളും ജനവാസ മേഖലകളും ഉൾപ്പെടെ കുറച്ചുകിട്ടിയെങ്കിലും ഇനിയും കുറയ്ക്കേണ്ട സ്ഥലങ്ങളുണ്ട്. അങ്ങനെ കുറച്ചുകിട്ടാനുള്ള ഏറ്റവും അടിയന്തരമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. ജനസാന്ദ്രതയിൽ മുമ്പിൽനിൽക്കുന്ന സംസ്ഥാനമാണ് കേരളം അതുകൊണ്ട് ബന്ധപ്പെട്ട പ്രദേശങ്ങളിലെ

എം.എൽ.എ.-മാരെ അല്ലെങ്കിൽ കർഷക സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് അടിയന്തരമായി യോഗം വിളിക്കുകയും കേരളത്തിന്റെ ന്യായുക്തമായ ആവശ്യം പരിഗണിക്കുകയും ചെയ്യണം. അതുപോലെ വനഭൂമിയുടെ വിസ്തൃതി എന്നത് കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ മൂന്നിൽ ഒന്നാണ്. അതുകൊണ്ട് കൂടുതൽ പ്രദേശങ്ങൾ നിയന്ത്രിത പ്രദേശങ്ങളായി വരുന്നത് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ സാരമായി ബാധിക്കുമെന്നതിനാൽ ജനവാസമേഖലകളെ, കൃഷിസ്ഥലങ്ങളെ, തോട്ടങ്ങളെ പൂർണമായി ഒഴിവാക്കിക്കൊണ്ടുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം അത്യാവശ്യമായി വിളിച്ചുചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, പശ്ചിമഘട്ടത്തിന്റെ Ecologically Sensitive Areas (ESA) കണ്ടെത്തുന്നതിനായി ശ്രീ. മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ വിദഗ്ധ

സമിതിക്ക് 2010-ലാണ് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയം രൂപം നൽകിയത്. സമിതിയുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 12 ജില്ലകളിലെ ജനവാസ മേഖലകളുൾപ്പെടെ ഇ.എസ്.എ. ആയി മാറുന്ന സ്ഥിതിവന്നു. തുടർന്ന് ജനങ്ങളിലുണ്ടായ ആശങ്ക കണക്കിലെടുത്ത് അതിർത്തി നിർണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ശ്രീ. കസ്തൂരി രംഗന്റെ നേതൃത്വത്തിൽ ഉന്നതതല മേൽനോട്ട സമിതിയെ (ഹൈ-ലെവൽ വർക്കിംഗ് ഗ്രൂപ്പ്) കേന്ദ്ര സർക്കാർ നിയോഗിച്ചു. താലൂക്ക് അടിസ്ഥാന യൂണിറ്റായി കണക്കാക്കിയുള്ള ഗാഡ്ഗിൽ റിപ്പോർട്ടിലെ അപാകതകൾ വിലയിരുത്തിയശേഷം വില്ലേജുകളെ അടിസ്ഥാന യൂണിറ്റാക്കി മേഖലകൾ നിർണ്ണയിക്കാമെന്ന് കസ്തൂരി രംഗൻ കമ്മിറ്റി നിർദേശിച്ചു. പശ്ചിമഘട്ടത്തിന്റെ ഏകദേശം 37 ശതമാനം അതായത് 59940 ചതുരശ്ര കിലോമീറ്ററാണ് ഇ.എസ്.എ. ആയി ഈ കമ്മിറ്റി കണ്ടെത്തിയത്. ഇതിൽ കേരളത്തിൽ 123 വില്ലേജുകളുടെ ആകെ വിസ്തൃതിയായ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം ഇ.എസ്.എ. ആയി മാറി വീണ്ടും ജനങ്ങൾക്കിടയിൽ ആശങ്കയും പ്രതിഷേധവുമുണ്ടായി. മറ്റ് സംസ്ഥാനങ്ങളിലും സമാനമായ

സ്ഥിതിയുണ്ടായതിനെത്തുടർന്ന് കേന്ദ്ര മന്ത്രാലയം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി അതിർത്തി നിശ്ചയിച്ച് നൽകാൻ സംസ്ഥാനങ്ങളോട് നിർദേശിച്ചു. ഇതിനായി സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ചെയർമാനായ ഡോ. ഉമ്മൻ വി. ഉമ്മന്റെ നേതൃത്വത്തിലുള്ള മൂന്നംഗ വിദഗ്ധ സമിതിയെ 2013-ൽ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തി. മേൽ സൂചിപ്പിച്ച 123 വില്ലേജുകൾ എന്നതിൽ മാറ്റം വരുത്തേണ്ടതില്ലെന്ന നിലപാടാണ് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയും സ്വീകരിച്ചത്. എന്നാൽ KSREC (Kerala State Remote Sensing And Environment Centre) രേഖകൾ പ്രകാരം ഈ വില്ലേജുകളിലെ കൃഷിഭൂമികളുടെ വിസ്തീർണ്ണമായ 3114.3 ചതുരശ്ര കിലോമീറ്റർ ഒഴിവാക്കിക്കൊണ്ട് 9993.7 ചതുരശ്ര കിലോമീറ്ററായി നിശ്ചയിക്കണമെന്ന് കമ്മിറ്റി നിർദേശിച്ചു. ഇതിൽ 9107 ചതുരശ്ര കിലോമീറ്റർ സ്വാഭാവിക ഭൂപ്രകൃതിയും 886.7 ചതുരശ്ര കിലോമീറ്റർ സാംസ്കാരിക ഭൂപ്രകൃതിയുമായി കണക്കാക്കി. എന്നാൽ മേൽ വിസ്തൃതി നിർണ്ണയം വസ്തുതാവിവരങ്ങളോ കൃത്യമായ സ്ഥലനിർണ്ണയമോ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല. അന്ന് ലഭ്യമായ വനം വകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരമുള്ള 9107 ചതുരശ്ര

കിലോമീറ്റർ വനവിസ്തൃതിയെ സ്വാഭാവിക ഭൂപ്രകൃതിയായും ഈ വിസ്തൃതി മേൽപ്പറഞ്ഞ 9993.7 ചതുരശ്ര കിലോമീറ്ററിൽനിന്ന് കുറവുചെയ്ത് 886.7 ചതുരശ്ര കിലോമീറ്റർ സാംസ്കാരിക ഭൂപ്രകൃതിയെന്നും നിർണ്ണയിച്ചു. 10-03-2014-ൽ പുറപ്പെടുവിച്ച ആദ്യ കരട് ഇ.എസ്.എ. വിജ്ഞാപന പ്രകാരം 9993.7 ചതുരശ്ര കിലോമീറ്റർ കേരളത്തിന്റെ ഇ.എസ്.എ. അതിർത്തി ആക്കിയതിനെ സംബന്ധിച്ച രേഖകളോ മറ്റ് വിവരങ്ങളോ കേന്ദ്ര മന്ത്രാലയത്തിന് തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല. അതോടൊപ്പം ശാസ്ത്രീയമായി തയ്യാറാക്കിയ ഭൂപടവും പ്രസിദ്ധീകരിച്ചില്ല. ഇതുകാരണം 2014-ലെ കരട് ഇ.എസ്.എ. വിജ്ഞാപനത്തിലെ വിസ്തൃതി 9993.7 ചതുരശ്ര കിലോമീറ്റർ എന്നതിൽ ഇതുവരെ യാതൊരു മാറ്റവും വരുത്താൻ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയം തയ്യാറായിട്ടില്ല. വിവിധ അളവുകൾ കൂട്ടിയോജിപ്പിക്കുന്നതിനാൽ കഡസ്ട്രൽ മാപ്പുകൾക്ക് ഏകീകൃത സ്വഭാവമുണ്ടായിരുന്നില്ല. ഇതിനിടെ സംസ്ഥാനത്ത് ചില വില്ലേജുകൾ ഭരണസൗകര്യാർത്ഥം വിഭജിക്കപ്പെട്ടു. വില്ലേജ് യൂണിറ്റായി കണക്കാക്കി ഇ.എസ്.എ. നിർണ്ണയിക്കുന്നതിനാൽ വില്ലേജുകളുടെ ആകെ എണ്ണം 123-ൽ

നിന്ന് 131 ആയി വർധിച്ചു. 2016-ൽ അധികാരത്തിൽവന്ന സർക്കാരിന്റെ കാലം മുതലാണ് ഈ അപാകതകൾ പരിഹരിച്ച് ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചത്. വില്ലേജ് യൂണിറ്റാക്കിയുള്ള നിർണ്ണയരീതിയുടെ സങ്കീർണ്ണതകൾ വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന വകുപ്പുമായി നിരന്തരം ആശയവിനിമയം നടത്തി. ഇ.എസ്.എ.-യുടെ ഭൂവിസ്തൃതി കൃത്യമായി നിർണ്ണയിക്കുന്നതിന് സഹായകരമായ കഡസ്ട്രൽ മാപ്പ് സമയബന്ധിതമായി തയ്യാറാക്കുന്നതിന് KSREC-യെ ചുമതലപ്പെടുത്തി. കൂടാതെ വനം, റവന്യൂ, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനംവഴി ഈ മാപ്പ് പൂർത്തിയാക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു. 2017 മെയ് മാസത്തിൽ നടത്തിയ ആശയവിനിമയത്തിലൂടെ മുമ്പ് നിർദേശിച്ചപ്രകാരം 9107 ചതുരശ്ര കിലോമീറ്റർ വനപ്രദേശവും അതോടൊപ്പം ചേർന്ന് കിടക്കുന്ന 886.7 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശവും ആവാസവ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് പ്രത്യേക പരിചരണത്തോടെ സർക്കാർ നിലനിർത്താമെന്നും

അക്കാരണത്താൽ വനപ്രദേശമായ 9107 ചതുരശ്ര കിലോമീറ്റർ ഇ.എസ്.എ. നിജപ്പെടുത്തുമെന്നും കേന്ദ്ര മന്ത്രാലയത്തോട് ആവശ്യപ്പെട്ടു. ഈ നിർദേശം 2018 ഏപ്രിലിൽ കേന്ദ്ര മന്ത്രാലയം വിളിച്ചുചേർത്ത യോഗത്തിലും ഉന്നയിച്ചു. എന്നാൽ ഇതിനോട് യോജിക്കുന്ന സമീപനം കേന്ദ്ര മന്ത്രാലയം സ്വീകരിച്ചില്ല. നിർദിഷ്ട ഭൂവിവരങ്ങൾ വിവിധ സങ്കേതങ്ങൾവഴി പരിശോധിച്ച് ആവശ്യമായ രേഖകൾ സഹിതം വിലയിരുത്തിയശേഷം 92 വില്ലേജുകളിലായി 8656.46 ചതുരശ്ര കിലോമീറ്റർ മാത്രമാണ് മൊത്തം ഇ.എസ്.എ. ആയി കണ്ടെത്തിയത്. ഈ അളവിൽ ചെറിയ വ്യതിയാനങ്ങളുണ്ടാകുമെന്നും കണക്കിലെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ വിശദവിവരങ്ങളടങ്ങിയ കുറിപ്പുകൾ സംസ്ഥാന മന്ത്രിസഭ അംഗീകരിക്കുകയും തുടർന്ന് GIS map ഉൾപ്പെടെയുള്ള രേഖകൾ സഹിതം സംസ്ഥാനത്തിന്റെ കരട് നിർദേശം 16-06-2018-ൽ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2021-ൽ കേന്ദ്ര മന്ത്രാലയം ആകെ വിസ്തൃതിയിൽ മാറ്റം വരുത്താതെ Core ESA and Non-Core ESA എന്ന പുതിയ ആശയം സർക്കാരിനുമുമ്പിൽ അവതരിപ്പിച്ചു. എന്നാൽ ആ നിർദേശത്തോട് ശക്തമായി

വിയോജിച്ച് രേഖപ്പെടുത്തുകയും സംസ്ഥാനത്തിന്റെ ഇ.എസ്.എ. 8656.46 ചതുരശ്ര കിലോമീറ്ററായി നിജപ്പെടുത്തണമെന്ന ആവശ്യത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. നിർദിഷ്ട വില്ലേജുകളിലെ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കുന്നതിനുള്ള പരിശോധനാനടപടികളാണ് തുടർന്ന് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. 24-05-2022-ൽ ചീഫ് സെക്രട്ടറി നടത്തിയ യോഗത്തെത്തുടർന്ന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ജില്ലാതല പരിശോധനാ സമിതിക്ക് രൂപം നൽകുകയും ബന്ധപ്പെട്ട വകുപ്പുകളിൽ ലഭ്യമായ വിവരങ്ങളെല്ലാം സമിതിക്ക് പരിശോധനയ്ക്കായി കൈമാറണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. 18-04-2022-ൽ കേന്ദ്ര മന്ത്രാലയം സംസ്ഥാനങ്ങളുടെ ശിപാർശകൾ പരിശോധിക്കുന്നതിനായി ശ്രീ. സഞ്ജയ് കുമാർ ഐ.എഫ്.എസ്. (റിട്ട.) അദ്ധ്യക്ഷനായി നിയോഗിച്ച ആറംഗ സമിതി മുമ്പാകെ ഇ.എസ്.എ. എന്നത് വനപ്രദേശങ്ങളിൽ മാത്രമായി നിജപ്പെടുത്തണമെന്ന ആവശ്യം വീണ്ടും ഉന്നയിച്ചു. സംസ്ഥാനത്ത് രൂപീകരിച്ച പരിശോധനാസമിതി പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയ കരട് KML ഫയൽ പരിശോധിച്ചു. വനാതിർത്തിയിൽ

വരുന്ന വില്ലേജുകളിലെ സ്ഥലപരിശോധന പൂർത്തിയാക്കി അപാകതകൾ നിർണ്ണയിച്ചു. ഇതിനെത്തുടർന്ന് 2024 മാർച്ചിൽ എല്ലാ രേഖകളും പഞ്ചായത്തുകളിലേയ്ക്ക് കൈമാറി. സമിതിയുടെ പരിശോധനയ്ക്കുശേഷം ഇ.എസ്.എ. പൂർണമായി പുനർനിർണ്ണയിക്കുകയുണ്ടായി. പഞ്ചായത്തിൽനിന്നുള്ള അഭിപ്രായങ്ങൾകൂടി ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തിന്റെ പുതുക്കിയ ഇ.എസ്.എ. നിർദേശം 2024 മെയ് 13-ന് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ചു. നിലവിലുണ്ടായിരുന്ന വില്ലേജുകളുടെ അതിർത്തി പുനർനിർണ്ണയിക്കുകയും ചിലത് വിഭജിക്കുകയും ചെയ്തതിനെത്തുടർന്ന് ഇ.എസ്.എ. പരിധിയിൽ വരുന്ന ആകെ വില്ലേജുകളുടെ എണ്ണം 92-ൽനിന്ന് 98 ആയി മാറി. അതോടൊപ്പം വസ്തുതാവിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകെ അളവ് 8656.46 ചതുരശ്ര കിലോമീറ്റർ ഇ.എസ്.എ. എന്ന നിർദേശം 8711.98 ചതുരശ്ര കിലോമീറ്ററായി മാറിയിട്ടുണ്ട്. ഭൂരേഖകളും പഞ്ചായത്തുകളുടെ അഭിപ്രായങ്ങളും പൂർത്തീകരിച്ചതനുസരിച്ച് 8711.98 ചതുരശ്ര കിലോമീറ്റർ എന്നതിൽനിന്നും വിസ്തൃതി കുറയാനുള്ള സാധ്യതയുണ്ട്.

സാങ്കേതിക സഹായത്തോടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും ജനാഭിപ്രായം കണക്കിലെടുത്തുകൊണ്ടും നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള വിസ്തൃതി നിർണ്ണായകമായതിനാൽ ഇത് കേന്ദ്ര മന്ത്രാലയം അംഗീകരിക്കുമെന്നാണ് സംസ്ഥാന സർക്കാർ കരുതുന്നത്. ഇതിനുള്ള ശ്രമങ്ങൾ ശക്തിയായി തുടരും.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, ഇ.എസ്.എ. എന്നത് വനപ്രദേശം മാത്രമായി നിജപ്പെടുത്തുമ്പോൾ അതിന്റെ ഭാഗമായി നമ്മൾ നൽകുന്ന മാപ്പിലെ വനത്തിന്റെ അതിർത്തിമാത്രം ഇ.എസ്.എ.-യുടെ അതിർത്തിയായി കാണിക്കുകയും വില്ലേജിന്റെ മൊത്തത്തിലുള്ള അതിർത്തി കാണിക്കാതിരിക്കുകയും ചെയ്താൽ വില്ലേജുകൾ പൊതുവിൽ ഇ.എസ്.എ. ആകും എന്ന ആശങ്ക പരിഹരിച്ചുകൊണ്ട് വനാതിർത്തിയെ മാത്രം ഇ.എസ്.എ. അതിർത്തിയായി കാണിക്കണം. വില്ലേജുകളുടെ പൊതു അതിർത്തി ടി മാപ്പിൽ കാണിക്കാതിരിക്കുകയെന്ന ആവശ്യം അംഗീകരിക്കുമോ; അതുസംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങനെയാണ് ശിപാർശ ചെയ്തിട്ടുള്ളത്. അതിന് ശക്തിയായ ശ്രമം തുടരും.